**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2851 — 14.02.2013 ൽ മറുപടിക്ക്

## ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം പദ്ധതി വിഹിതമായി എത്ര തുക നീക്കിവെച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; | എ) 46 കോടി രൂപ |
| ബി) പദ്ധതി വിഹിതത്തിൽ നിന്നും നാളിതുവരെ എത്ര തുകയാണ് ചെലവഴിച്ചത്; ഏതെല്ലാം പ്രവൃത്തിക്കാണ് ചെലവഴിച്ചതെന്ന് പ്രത്യേകം ലഭ്യമാക്കുമോ; | ബി) പദ്ധതി വിഹിതം മുഴുവൻ ഉപയോഗിക്കുന്നതിനുള്ള പ്രോജക്ടുകളുടെ അംഗീകാരം നൽകി കഴിഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിനായി 46 കോടി രൂപ അനുവദിച്ചതിൽ നാളിതുവരെ 24.62 കോടി രൂപയാണ് ചെലവഴിച്ചത്. പ്രസ്തുത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| സി) നീക്കിവെച്ച തുക ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്നും എത്ര തുകയെന്നും വ്യക്തമാക്കുമോ ? | സി) നീക്കിവച്ച തുക 2012-13 സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ ചെലവഴിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ